ഹോളിഫാമിലി ഫൊറോനാ ദൈവാലയം, പൊൻകുന്നം

# തിരുക്കുടുംബം

PARISH BULLETIN

ശ്ലീഹാക്കാലം - 2017

Vol.9 Issue 3





# സ്നേഹ സ്മരണയ്ക്ക്




ഞാൻ നിങ്ങളിൽനിന്ന് അകന്നുപോകുന്നുവെങ്കിലും
എന്റെ സ്നേഹം എന്നും നിങ്ങളോടുകൂടെ ഉണ്ടായിരിക്കും.
സ്വർഗ്ഗരാജ്യത്തിൽ നാം ഒരുമിക്കുന്നതുവരെ നിങ്ങൾ
എനിക്കുവേണ്ടി പ്രാർത്ഥിക്കണമേ...

**ജനനം: 18-05-1944**

**മരണം: 22-05-2017**





# ഉള്ളടക്കം


| | | |
|---|---|---|
| മുഖമൊഴി | – | 2 |
| ഇടയമൊഴി | – | 3 |
| വിളക്ക് | – | 5 |
| ഇടവക വിശേഷങ്ങളിലൂടെ | – | 6 |
| നിയമബോധനം | – | 13 |


## എഡിറ്റോറിയൽ ബോർഡ്


| | | | |
|---|---|---|---|
| മാനേജിംഗ് എഡിറ്റർ | - | ഫാ. ജോസഫ് വെള്ളമറ്റം | 9447867873 |
| ചീഫ് എഡിറ്റർ | - | ഫാ. ജോസഫ് അറയ്ക്കപ്പറമ്പിൽ | 9562765688 |
| സബ് എഡിറ്റേഴ്സ് | - | റോബിൻ കട്ടിക്കാരൻ | 9446602386 |
| | - | വർഗീസ് മുതുപ്ലാക്കൽ | 9446201068 |
| കമ്മറ്റി അംഗങ്ങൾ | - | സുനിൽ പനയ്ക്കൽ | |
| | | സൂസൻ വെട്ടിക്കൊമ്പിൽ | |
| | | കിറ്റിൻ ഗോൾഡ്ഹിൽ | |
| | | കുസുമം ഗോൾഡ്ഹിൽ | |
| | | മരിയ മടുക്കക്കുഴി | |



Published by : The Vicar, Holy Family Forane Church,
Ponkunnam. Ph: 04828- 221368

Layout & Printing: General Offset Ponkunnam
Ph: 222564, 9495496974

2017 ജൂൺ ലക്കം

## മുഖമൊഴി

വൈദേശികവും തദ്ദേശിയവുമായ നന്മകൾ സ്വാംശീകരിച്ച ഭാരത മണ്ണിൽ അധിവസിക്കുന്നവരെന്ന് അഭിമാനിക്കുന്നവ രാണ് നാം. ഈ പശ്ചാത്തലത്തിൽ നിന്ന് ചിന്തിക്കുമ്പോൾ വൈവിദ്ധ്യമാർന്ന ഇന്ത്യൻ സംസ്കാരത്തിന് നിരക്കാത്തതും പൊതുവിൽ അംഗീകരിക്കപ്പെടുവാൻ ബുദ്ധിമുട്ടുള്ളതുമായ പലതും ഇവിടെ സംജാതമായിക്കൊണ്ടിരിക്കുന്നു എന്ന് കാണാവുന്നതാണ്. ഇതിന്റെ പിന്നിൽ രാഷ്ട്രീയമോ, വർഗീയതയോ, അധികാരഭ്രാന്തോ, ലാഭേച്ഛയോ എന്തെങ്കിലുമൊക്കെയുണ്ടാകാം. ഇത്തരം പരിഷ്ക്കാരങ്ങൾ പുരോഗതിയോ നാടിന്റെ നന്മയോ കൊണ്ടുവരികയില്ലെന്ന് മനസ്സിലാക്കണം.


മതസഹിഷ്ണുതയ്ക്കും മതസാഹോദര്യത്തിനും മാതൃകയായിരുന്ന നമ്മുടെ രാജ്യം ഭയാനകമായ സ്ഥിതിവിശേഷങ്ങളിലുടെയാണ് നീങ്ങിക്കൊണ്ടിരിക്കുന്നത്. മതത്തിന്റെയും ജാതിയുടെയും രാഷ്ട്രീയ പാർട്ടികളുടെയുമൊക്കെ പേരിൽ എത്രയെത്ര അതിക്രമങ്ങളാണ് ദിവസവും അരങ്ങേറുന്നത്? വിശ്വാസ സ്വാതന്ത്ര്യം നിഷേധിക്കപ്പെടുകയും ന്യൂനപക്ഷാവകാശങ്ങൾ ചോദ്യം ചെയ്യപ്പെടുകയും ചെയ്യുന്നു. നിയമവും അധികാരവും കൈയ്യാളുന്നവർ നമ്മെ വീണ്ടും അടിമകളാക്കുന്നു. സാധാരണക്കാരുടെ ജീവിക്കാനുള്ള അവകാശം പോലും ലംഘിക്കപ്പെടുന്നു.

മനുഷ്യനെ കടിച്ചുകീറുന്ന തെരുവുനായ്ക്കൾക്കുവേണ്ടി മുറവിളികൂട്ടുന്ന മൃഗസ്നേഹികളുണ്ടല്ലോ നമ്മുടെ നാട്ടിൽ. രോഗത്താലും ദാരിദ്ര്യത്താലും കഷ്ടപ്പെടുന്നവർ, കുടിനീരിനായി പരക്കം പായുന്നവർ, തലചായ്ക്കാൻ കൂരപോലുമില്ലാത്തവർ - ഇവരെയൊന്നും കണ്ടില്ലെന്ന് നടിച്ച് കോടികൾ മുടക്കി നായ്ക്കൾക്കും കന്നുകാലികൾക്കും സംരക്ഷണ കേന്ദ്രങ്ങൾ നിർമ്മിക്കുവാൻ ഇറങ്ങുന്നവരുമുണ്ട്. കന്നുകാലികളെ കശാപ്പു ചെയ്യുന്നതുമായി ബന്ധപ്പെട്ട് സർക്കാർ കൊണ്ടുവന്ന ചട്ടങ്ങൾ ഏറെ വിവാദമുയർത്തുന്നു. ഭക്ഷണം കഴിക്കാനുള്ള ജനങ്ങളുടെ അവകാശത്തിനുമേലും ആഹാരശീലങ്ങളുടെ മേലുമുള്ള നിയന്ത്രണങ്ങൾ, ഇന്ത്യപോലൊരു മതേതര ജനാധിപത്യ രാജ്യത്തിന്റെ സ്വഭാവത്തിന് ചേർന്നതാണോയെന്നു ചിന്തിക്കേണ്ടതുണ്ട്. വർഗീയ ചേരിതിരിവും സാമുദായിക അസ്വസ്ഥതകളും വളർത്തുവാനേ ഇത്തരം തീരുമാനങ്ങൾ ഉപകരിക്കൂ. പരിസ്ഥിതി സംരക്ഷണത്തിന്റെയും മൃഗസ്നേഹത്തിന്റെയുമൊക്കെ ആത്യന്തിക ലക്ഷ്യം ശ്രേഷ്ഠസൃഷ്ടിയായ മനുഷ്യന്റെ നന്മയായിരിക്കണം. രവീന്ദ്രനാഥ ടാഗോറിന്റെ പ്രാർത്ഥന നമുക്കോർക്കാം.

"എവിടെ മനസ്സ് നിർഭയവും ശിരസ്സ് ഉയർന്നതുമായിരിക്കുന്നുവോ
എവിടെ അറിവ് സ്വതന്ത്രമായിരിക്കുന്നുവോ
എവിടെ ചിന്തയുടെ തെളിഞ്ഞപ്രവാഹത്തിനു
കാലഹരണപ്പെട്ട ആചാരങ്ങളുടെ മടുപ്പിക്കുന്ന മരുഭൂവിൽ
അതിന്റെ വഴി നഷ്ടപ്പെടാതിരിക്കുന്നുവോ
ആ സ്വാതന്ത്ര്യ സ്വർഗ്ഗത്തിലേക്ക് എന്റെ നാടുണരണം " (ഗീതാഞ്ജലി)



# ഇടയമൊഴി



ഈശോയിൽ പ്രിയ സ്നേഹിതരേ,

ശ്ലീഹാക്കാലത്തിലേയ്ക്ക് നാം പ്രവേശിക്കുകയാണല്ലോ. ശ്ലീഹന്മാർ സുവിശേഷ സന്ദേശവുമായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേയ്ക്ക് കടന്നുചെന്നു. ഗുരുവിന്റെ അനുഭവങ്ങൾ തന്നെയാണ് ശിഷ്യന്മാരേയും കാത്തിരുന്നത്. പ്രേഷിതയാത്ര പീഡകളും ക്ലേശങ്ങളും നിറഞ്ഞതായിരുന്നു. ഈശോയോടുള്ള ജ്വലിക്കുന്ന സ്നേഹത്താൽ ജീവൻ ത്യജിക്കുവാനും ശ്ലീഹന്മാർ തയ്യാറായി. ധീരരായ ആ പുണ്യാത്മാക്കളെ ശ്ലീഹാക്കാലത്ത് വീണ്ടും നാം ഓർമ്മിക്കുന്നു. വിശ്വാസവെളിച്ചവുമായി നമ്മുടെ നാട്ടിലേയ്ക്കുവന്ന മാർത്തോമ്മാ ശ്ലീഹായുടെ ദുക്റാനത്തിരുനാൾ ആചരിക്കുന്നതും ശ്ലീഹാക്കാലത്താണല്ലോ.

സഭയുടെ ജന്മദിനമായാണല്ലോ പന്തക്കുസ്താതിരുനാൾ അറിയപ്പെടുന്നത്. സുവിശേഷം പ്രസംഗിച്ച ശ്ലീഹന്മാർ വിശ്വാസം സ്വീകരിച്ചവരെ കർത്താവിന്റെ നാമത്തിൽ ഒന്നിച്ചു കൂട്ടിയപ്പോഴാണ് സഭയുണ്ടായത്. തോമ്മാശ്ലീഹാ കേരളത്തിൽ ഏഴ് പള്ളികൾ സ്ഥാപിച്ചു എന്നുപറഞ്ഞാൽ ഏഴ് സഭാസമൂഹങ്ങൾക്ക് രൂപം നൽകിയെന്നാണല്ലോ മനസ്സിലാക്കേണ്ടത്. ശിഷ്യത്വത്തിലേയ്ക്കുള്ള വിളി ഒന്നിച്ചായിരിക്കാനുള്ള വിളി കൂടിയാണ്. സഭാമക്കൾ ഒന്നിച്ച് പ്രാർത്ഥിക്കുകയും വചനം ശ്രവിക്കുകയും ബലിയർപ്പിക്കുകയും സാഹോദര്യത്തോടെ ജീവിക്കുകയും വേണം. സ്നേഹവും കൂട്ടായ്മയുമാണല്ലോ ക്രിസ്തുശിഷ്യന്മാരുടെ മുഖമുദ്ര. കുടുംബം, കുടുംബക്കൂട്ടായ്മ, ഇടവക, രൂപത എന്നിങ്ങനെ ചെറുതും വലുതുമായ സഭസമൂഹങ്ങളിൽ ഒരേസമയം അംഗങ്ങളായിരുന്നുകൊണ്ട് സാർവ്വത്രികസഭയിൽ പ്രവർത്തിക്കാനും ജീവിക്കുവാനും നാം വിളിക്കപ്പെട്ടിരിക്കുന്നു. ശ്ലീഹാക്കാലത്ത് കുടുംബത്തെയും കുടുംബക്കൂട്ടായ്മയെയും ഇടവകയെയുമെല്ലാം ഈശോയിൽ ഒന്നിച്ചുചേർന്നിരിക്കുന്നവരുടെ സമൂഹങ്ങളായി കാണാനും അവ ഓരോന്നിലുമുള്ള നമ്മുടെ ഉത്തരവാദിത്വങ്ങളെക്കുറിച്ച് ചിന്തിക്കാനും നമുക്ക് പരിശ്രമിക്കാം.

പുതിയ സ്കൂൾ വർഷത്തിന്റെ ആരംഭത്തിലേയ്ക്ക് നാം എത്തിയിരിക്കുകയാണല്ലോ. പുത്തൻ തീരുമാനങ്ങളും പുതിയ പ്രതിജ്ഞകളുമായി പുതിയ വത്സരത്തെ നമുക്ക് എതിരേല്ക്കാം. ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും സംപ്രീതിയിലും വളർന്നുവന്ന ഈശോ (ലൂക്കാ 2/52) ആയിരിക്കട്ടെ കുഞ്ഞുങ്ങളുടെ മാതൃക. ദൈവത്തിനും മനു

ഷ്യർക്കും ഇഷ്ടമുള്ളവരായി വളരുവാൻ ഓരോ കുട്ടിയും താല്പര്യം കാണിക്കട്ടെ. ജീവിത വിശുദ്ധിയും സൽസ്വഭാവവും പരിശ്രമശീലവും സാമൂഹിക ബോധവുമുള്ളവരായിത്തീരാൻ അപ്പോൾ അവർക്ക് കഴിയും. ശ്ലീഹന്മാരോടൊത്തുണ്ടായിരുന്ന കർത്താവ് നമ്മോടുകൂടെയും ഉണ്ടായിരിക്കട്ടെ.

സ്നേഹത്തോടെ,

**ഫാ. ജോസഫ് വെള്ളമറ്റം** (വികാരിയച്ചൻ)

---

## ശുദ്ധ ജലത്തിൽ ജനിച്ച ലോകസുന്ദരി

കാഴ്ചയിൽ സുന്ദരി ! ജനനം ശുദ്ധ ജലത്തിൽ !
നല്ല ഗമയുള്ള പേര് – ഈഡിസ് ഈജിപ്റ്റി.
ദേഹത്ത് അഴകാർന്ന വരകൾ ഉള്ളതിനാൽ വരയൻ കൊതുക് എന്നും പറയും.

രാത്രിയിൽ നമ്മുടെ ഉറക്കം കെടുത്തുന്ന ചീത്ത സ്വഭാവമൊന്നും അവൾക്കില്ല. പകൽ മാത്രമെ നമ്മെ കടിക്കൂ! മനുഷ്യരെയാണ് ഏറെ ഇഷ്ടം. എത്ര ഓടിച്ചാലും പോകാതെ നമ്മെ ഓടിച്ചിട്ടു കടിക്കും. അതുകൊണ്ട് പുലികൊതുക് എന്നും പേരുണ്ട്.

ലോകത്ത് എവിടെച്ചെന്നാലും ഇവളെ കാണാം !! ഇവളാണ് ഡെങ്കിപ്പനിയുടെ മൊത്തവിതരണക്കാരി. പെട്ടെന്നുള്ള കടുത്ത പനിയാണ് തുടക്കം. ആരംഭത്തിൽ തലവേദന, പേശീവേദന, വിശപ്പില്ലായ്മ, മനംപിരട്ടൽ, ഛർദ്ദി, ക്ഷീണം, തൊണ്ടവേദന എന്നിവയുണ്ടാവാം. രക്തത്തിലെ പ്ലേറ്റ്ലെറ്റുകളുടെ അളവ് കുറയുന്നത് മരണത്തിലേയ്ക്ക് നയിക്കാം. ഡെങ്കിപ്പനിക്ക് വാക്സിനേഷനോ, കൃത്യമായ ചികിത്സയോ ഇല്ല. വെള്ളം ധാരാളം കുടിക്കുകയും പൂർണ്ണമായി വിശ്രമിക്കുകയും വേണം. സ്വയം ചികിത്സ പാടില്ല.

വീടിനും ചുറ്റിലും പറമ്പിലും ഒന്നിറങ്ങിനടന്ന് റബ്ബർ ചിരട്ടയിലോ, ഉപയോഗശൂന്യങ്ങളായ പാത്രങ്ങളിലോ, കുപ്പികളിലോ മഴവെള്ളം കെട്ടിനിൽപ്പുണ്ടോയെന്ന് നോക്കുക. ഉണ്ടെങ്കിൽ അവ മറിച്ച് കളഞ്ഞ് കമഴ്ത്തി വയ്ക്കുക.

ഇത്തിരി വെള്ളം കിട്ടിയാൽ നമ്മുടെ 'സുന്ദരി' അതിൽ ഒത്തിരി മുട്ടകളിടും. വീടും പരിസരവും വൃത്തിയായി സൂക്ഷിക്കുക. എല്ലാവരും ഒരേ മനസ്സോടെ പ്രവർത്തിച്ചാൽ ഡെങ്കിപ്പനിയുടെ കരാളഹസ്തത്തിൽപ്പെടാതെ ഈ കാലവർഷം നമ്മെ കടന്നുപോകും.

**വർഗീസ് മുതുപ്ലാക്കൽ, പൊൻകുന്നം**

# വിളക്ക്

**ഫാ. ജോസഫ്**
അറയ്ക്കപ്പറമ്പിൽ



ഈശോമിശിഹായിൽ സ്നേഹമുള്ളവരേ,

ഉയിർപ്പു ഞായറിനുശേഷം അമ്പതാം ദിവസം വരുന്ന പന്തക്കുസ്താതിരുനാളോടുകൂടി ശ്ലീഹാക്കാലം ആരംഭിക്കുന്നു. പന്തക്കുസ്താ ദിനത്തിൽ ശ്ലീഹന്മാരുടെമേൽ പരിശുദ്ധാത്മാവ് എഴുന്നള്ളിവരികയും ഭയത്തിലും നിരാശയിലും കഴിഞ്ഞിരുന്ന അവരെ ധൈര്യപ്പെടുത്തുകയും ചെയ്തു. പരിശുദ്ധാത്മാവിൽ ശക്തിപ്രാപിച്ച് ക്രിസ്തുവിന്റെ പ്രേഷിതരായി ലോകം മുഴുവനും പ്രസംഗിച്ച ശ്ലീഹൻമാരുടെ മാതൃകയാണ് ഈ കാലത്തിൽ സഭാമാതാവ് നമ്മുടെ ചിന്തക്ക് വിഷയമാക്കുന്നത്.

നൂറ്റാണ്ടുകൾക്ക് മുൻപ് പ്രതാപശാലിയായ ഒരു ചക്രവർത്തിയുണ്ടായിരുന്നു. അദ്ദേഹത്തിന്റെ കൊട്ടാരത്തിൽ ചക്രവർത്തിക്കുവേണ്ടി മാത്രം പ്രത്യേകം മുറിയുണ്ടായിരുന്നു. എല്ലാ ദിവസവും ചക്രവർത്തി അതിൽ പ്രവേശിച്ച് കുറെ സമയം ചിലവഴിക്കുമായിരുന്നു. എന്താണ് ചക്രവർത്തി ആ മുറിയിൽ ചെയ്യുന്നതെന്ന് അറിയാൻ കൊട്ടാരവാസികൾക്ക് ആകാംക്ഷയുണ്ടായിരുന്നു. ഒരിക്കൽ ചക്രവർത്തി മരിച്ചു. അവർ അദ്ദേഹത്തിന്റെ രഹസ്യമുറി പരിശോധിച്ചു. അവിടെ അവർ കണ്ടെത്തിയത് കീറിയ ഒരു ഉടുപ്പും ഒരു ഇടയവടിയും മാത്രം. ഈ ചക്രവർത്തി ചെറുപ്പത്തിൽ ഒരു ആട്ടിടയനായിരുന്നു. ദരിദ്രനായ ഇടയബാലന്റെ ഉടുപ്പും അന്നു പയോഗിച്ച വടിയും അദ്ദേഹം സൂക്ഷിച്ചുവച്ചിരുന്നു. ഒരോ ദിവസവും സിംഹാസനത്തിൽ ഇരിക്കുന്നതിനു മുൻപ് അദ്ദേഹം ആ പഴയജീവിതം ഓർത്ത് ധ്യാനിച്ചു. അത് എളിമയിലും കാരുണ്യത്തിലും വളരാൻ അദ്ദേഹത്തെ സഹായിച്ചിരുന്നു.

പന്തക്കുസ്താ തിരുനാളിൽ സഭയും ഇതുപോലൊരു തിരിഞ്ഞുനോട്ടം നടത്തുകയാണ്. 2000 വർഷങ്ങൾക്കുമുൻപ് പന്ത്രണ്ട് സാധാരണക്കാരായ പാവപ്പെട്ട മനുഷ്യർ ഒരു കൊച്ചുമുറിയിൽ കയറി ഭയപ്പെട്ട് കതകടച്ചിരുന്ന് പ്രാർത്ഥിച്ചു. ആ മുറിയിലേക്ക് സഭ തിരിഞ്ഞുനോക്കുന്നു. ഇന്ന് അവർ സ്വന്തമാക്കിയിട്ടുള്ള വലിയ നേട്ടങ്ങളുടെയും സിംഹാസനങ്ങളുടെയും നടുവിൽ നിന്നുകൊണ്ട് സെഹിയോൻ ഊട്ടുശാല എന്ന കൊച്ചുമുറിയെ എന്തു സംഭവിച്ചു എന്ന് സഭ ഓർമ്മയിൽ തിരയുകയാണ്. ആ കൊച്ചുമുറിയെ സഭ ഒരിക്കലും മറക്കാൻ പാടില്ല, അവിടെ അവൾക്കുവേണ്ടി ദൈവം ചെയ്ത വലിയ കാര്യങ്ങളുണ്ട്. അഹങ്കാരവും ആഡംബരവും വെടിയുവാൻ ഈ തിരിഞ്ഞുനോട്ടം നമുക്കും ആവശ്യമാണ്. കരുണയും എളിമയും നിറയാൻ ഈ ധ്യാനം സഹായിക്കും. താനെന്തായിരുന്നു, എന്തായിരിക്കുന്നു എങ്ങനെ വഴിനടത്തപ്പെട്ടു എന്നീ തിരിച്ചറിവുകൾ ദൈവകൃപയെ കാണാൻ നമ്മെ സഹായിക്കും.

# ഇടവക വിശേഷങ്ങളിലൂടെ



## സൺഡേ സ്കൂൾ

1. 2017 -2018 അദ്ധ്യയന വർഷത്തെ വിശ്വാസ പരിശീലനത്തിനു മെയ് 28-ാം തീയതി തുടക്കം കുറിച്ചു.
2. പുതിയ അദ്ധ്യയന വർഷത്തിനൊരുക്കമായുള്ള പ്രാർത്ഥനാ ശുശ്രൂഷ മെയ് 28-ാം തീയതി നടത്തി.

## മാതൃവേദി

1. ഏപ്രിൽ മാസം വിവാഹ സഹായമായി 30,000/- രൂപാ നൽകി
2. ചികിത്സാ സഹായമായി 1000/- രൂപ നൽകി.
3. മാതൃവേദിയുടെ ആഭിമുഖ്യത്തിൽ എല്ലാ 3-ാം ചൊവ്വാഴ്ച കളിലും 1.30 പി.എം. മുതൽ 3.30 പി.എം. വരെ മീറ്റിംഗും ക്ലാസ്സുംനടത്തപ്പെടുന്നതാണ്. എല്ലാ മാതാക്കൾക്കും സ്വാഗതം.
4. കാഞ്ഞിരപ്പള്ളി എച്ച്.ഡി.എഫ്.സി ബാങ്കിന്റെ നേതൃത്വത്തിൽ ലൈഫ് ക്യാൻസർ കെയറിനെപ്പറ്റി മാതൃവേദി അംഗങ്ങൾക്ക് ക്ലാസെടുത്തു. ക്ലാസ്സിൽ 40-ാളം അംഗങ്ങൾ പങ്കെടുത്തു.
5. മാതൃവേദിയുടെ യൂണിഫോം എത്തിച്ചേർന്നിട്ടുണ്ട്.

താൽപര്യമുള്ളവർ ബന്ധപ്പെടുക.

*ലിസി പന്തിരുവേലിൽ* - **9744454484**

*ബിന്ദു തേക്കുംതോട്ടം* - **9496451428**

## ചെറുപുഷ്പ മിഷൻലീഗ്

1 യുവദീപ്തിയോടും മാതൃദീപ്തിയോടും ചേർന്ന് ഈസ്റ്റർ ദിനത്തിൽ 198 പേർക്ക് പൊതിച്ചോറ് വിതരണം ചെയ്തു.

2. 15 കുടുംബങ്ങൾക്ക് പലചരക്ക്, പച്ചക്കറി കിറ്റുകൾ വിതരണം ചെയ്തു.
3. ആനിമേറ്റർ സിസ്റ്റർ ക്രിസ്റ്റീന നിരപ്പേലിന് യാത്രയയപ്പ് നൽകി.

**ഷെറി മോളോപ്പറമ്പിൽ (ഓർഗനൈസർ)**

## എസ്.എം.വൈ.എം

1. **ക്രിക്കറ്റ് ടൂർണ്ണമെന്റ്**

രൂപതാ യുവദീപ്തിയുടെ ആഭിമുഖ്യത്തിൽ പൊടിമറ്റം സെന്റ് ഡൊമിനിക് കോളേജിൽ വച്ച് നടത്തിയ ക്രിക്കറ്റ് ടൂർണമെന്റിൽ ഫൊറോന ലെവലിൽ പൊൻകുന്നം യുവദീപ്തി രണ്ടാം സ്ഥാനം കരസ്ഥമാക്കി.

2. **മലയാറ്റൂർ തീർത്ഥാടനം നടത്തി**

യുവദീപ്തിയുടെ ആഭിമുഖ്യത്തിൽ ഏപ്രിൽ 12-ാം തീയതി മലയാറ്റൂർ തീർത്ഥാടനം നടത്തി

3. **സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സ്**

പൊൻകുന്നം ഹോളിഫാമിലി യുവദീപ്തിയുടെ നേതൃത്വത്തിൽ 5-ാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ്സ് വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്കായി ഒരു മാസത്തേക്ക് സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സ് നടത്തി.

4. **പൊതിച്ചോറ് നൽകി**

ഈസ്റ്റർ ദിനത്തിൽ മിഷൻ ലീഗിന്റെയും പാലിയേറ്റീവ് യൂണിറ്റിന്റെയും സഹകരണത്തോടെ നിർധനരായ കുടുംബങ്ങൾക്ക് പൊതിച്ചോറ് വിതരണം ചെയ്തു.

5. **ഷട്ടിൽ കോർട്ട് തയ്യാറാക്കി**

ഇടവകയിലെ യുവജനങ്ങൾക്കായി ഷട്ടിൽ കോർട്ട് അംഗങ്ങൾ ചേർന്ന് തയ്യാറാക്കി.

6. **സെമിത്തേരി ക്ലീൻ ചെയ്തു.**

യുവദീപ്തി അംഗങ്ങൾ സെമിത്തേരി വൃത്തിയാക്കി.

7. **U Turn**

ഫൊറോന യുവദീപ്തിയുടെ ആഭിമുഖ്യത്തിൽ ചെങ്ങളം

പള്ളിയിൽ വച്ച് നടത്തിയ U Turn ബോധവൽക്കരണ സെമിനാറിൽ പൊൻകുന്നം യുവദീപ്തി അംഗങ്ങൾ പങ്കെടുത്തു.

8. **ആക്രി ശേഖരണം നടത്തിവരുന്നു**

ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് ഫണ്ട് കണ്ടെത്തുന്നതിനായി ഇടവകയിലെ എല്ലാ വീടുകളിൽനിന്നും യുവജനങ്ങൾ ആക്രിശേഖരണം നടത്തി വരുന്നു.

9. **വസ്ത്ര ശേഖരണം**

നിർധനരായവർക്കുവേണ്ടി പഴയ വസ്ത്രങ്ങൾ ശേഖരിച്ചു.

10 **പൂന്തോട്ട നിർമ്മാണം**

പള്ളി പരിസരം മനോഹരമായി സൂക്ഷിക്കുവാനായി യുവജനങ്ങൾ പൂന്തോട്ട നിർമ്മാണം നടത്തിവരുന്നു. ഇടവകയിലെ വീടുകളിൽ നിന്നും ചെടികൾ ശേഖരിക്കുന്നു.

11. **ആശംസ ബോർഡ് സ്ഥാപിച്ചു**

ആദ്യകുർബ്ബാന സ്വീകരിച്ചവർക്ക് പള്ളി മോണ്ടളത്തിൽ ആശംസ അറിയിച്ചുകൊണ്ട് ബോർഡ് സ്ഥാപിച്ചു.

12. **ആശംസ നൽകി**

പൊൻകുന്നം സൺഡേ സ്കൂളിൽ ഈ വർഷത്തെ മികച്ച സോഷ്യൽ സർവ്വീസ് ലീഡർക്കുള്ള പുരസ്കാരം കരസ്ഥമാക്കിയ യുവദീപ്തി അംഗങ്ങളായ പ്രിൻസ് വളകൊടിയിലിനും, ലിസ്സ് മരിയ തോട്ടുങ്കലിനും ആശംസ നൽകി.

13. **കരിയർ ഗൈഡൻസ്**

പൊൻകുന്നം ഫൊറോന യുവദീപ്തിയും പൊൻകുന്നം യുവദീപ്തിയും സംയുക്തമായി ചേർന്നുകൊണ്ട് കരിയർ ഗൈഡൻസ് "ദിശ 2017" മെയ് 23 ചൊവ്വാഴ്ച നടത്തി. വിവിധ കോഴ്സുകളുടെ പ്രസന്റേഷനും വിവിധ കോളേജുകളുടെ ബ്രോഷറും പ്രോസ്പക്റ്റിസും വിതരണം ചെയ്തു.

14. **പ്രാർത്ഥനാ ആശംസകൾ നേരുന്നു**

വൈദിക പഠനത്തിനായി പോകുന്ന യുവദീപ്തി അംഗമായ എബിൻ കുരിയിങ്കലിനു അംഗങ്ങളുടെ പ്രാർത്ഥനാശംസകൾ നേരുന്നു.

***അഖിൽ കൊല്ലമല (സെക്രട്ടറി)***

## 2016– 2017 വരവ് ചെലവ് കണക്ക്

| വരവ് | (രൂപ) |
|---|---|
| രഹസ്യപിരിവ് | 71890 |
| വാർഷിക വിഹിതം | 25500 |
| | 97390.00 |
| ടൗൺപിരിവ് | 78715.00 |
| ഭവനസന്ദർശനം | 103385.00 |
| ചികിത്സാ സഹായം | 32300.00 |
| വിദ്യാഭ്യാസ സഹായം | 10000.00 |
| ഭവന നിർമ്മാണം | 255000.00 |
| Best ....... Award | 5000.00 |
| പലിശ | 22348.00 |
| പള്ളിയിൽനിന്നും ഗ്രാന്റ് | 40000.00 |
| പരസ്യം | 6500.00 |
| N.C.F/ C.G.F | 1140.00 |
| മുന്നിരിപ്പ് | 2800.00 |
| Co.Op. Bank | 263803.00 |
| Federal Bank | 39657.00 |
| സ്ഥിരനിക്ഷേപം | 50000.00 |
| | 1008038.00 |
| എൻഡോവ്മെന്റ് | 30000.00 |
| **ആകെ** | **1038038.00** |

| ചിലവ് | (രൂപ) |
|---|---|
| ഭക്ഷ്യസഹായം | 39950.00 |
| ചികിത്സാ സഹായം | 166328.00 |
| ഭവനനിർമ്മാണം | 288096.00 |
| മൃതസംസ്കാരം | 5000.00 |
| വിദ്യാഭ്യാസ സഹായം | 42000.00 |
| വിവാഹം | 10000.00 |
| വിദ്യാഭവൻ | 41000.00 |
| ആശ്രമസന്ദർശനം | 11000.00 |
| പ്രിന്റിംഗ്, സ്റ്റേഷനറി | 8124.00 |
| വസ്ത്രം | 890.00 |
| തൊഴിൽസഹായം | 2000.00 |
| വീതാംശം | 14730.00 |
| N.C.F/ C.G.F | 760.00 |
| ബുള്ളറ്റിൻ | 380.00 |
| രൂപതാ ബുള്ളറ്റിൻ | 120.00 |
| ഡയറി | 50.00 |
| ഒസാനാംഡേ കളക്ഷൻ | 1000.00 |
| വിശുദ്ധ കർബ്ബാന | 325.00 |
| കൈവശം | 18967.00 |
| Co.Op. Bank | 142928.00 |
| Federal Bank | 14390. 00 |
| സ്ഥിരനിക്ഷേപം | 200000.00 |
| | 1008038.00 |
| എൻഡോവ്മെന്റ് | 30000.00 |
| **ആകെ** | **1038038.00** |

(സെക്രട്ടറി)

# ASOWA

## (Association of Senior Officers for Welfare Activities)

കാഞ്ഞിരപ്പള്ളി രൂപതാ കേന്ദ്രമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന 'അസോവ' എന്ന സംഘടനയുടെ ഒരു യൂണിറ്റ് നമ്മുടെ ഇടവകയിൽ ആരംഭിക്കുന്നതിന് ഇടവകയിലെ റിട്ടയേർഡ് ഉദ്യോഗസ്ഥരുടെയും പ്രവാസികളായി തിരിച്ചുവന്ന ഇടവകാംഗങ്ങളുടെയും യോഗത്തിൽ രൂപതാ പ്രസിഡണ്ട് അഡ്വ. എബ്രാഹം മാത്യു പന്തിരുവേലിൽ അദ്ധ്യക്ഷത വഹിച്ചു. പ്രസ്തുത യോഗം നമ്മുടെ ബഹു. വികാരിയച്ചൻ ജോസഫ് വെള്ളമറ്റം ഉദ്ഘാടനം ചെയ്തു. രൂപതാ മുൻ പ്രസിഡണ്ട് റവ. ഫാ. തോമസ് ഈറ്റോലിൽ സംഘടനയുടെ ഉദ്ദേശലക്ഷ്യങ്ങളെക്കുറിച്ചു യോഗത്തിൽ വിശദീകരിച്ചു. അനന്തരം നടന്ന ചർച്ചകൾക്ക് ശേഷം ഇടവക യൂണിറ്റ് ഭാരവാഹികളെ തെരഞ്ഞെടുത്ത്, കെ.വി. മാത്യു കാച്ചപ്പള്ളി സ്വാഗതവും ഏ.റ്റി. ജോസഫ് അത്യാലിൽ (പുതിയ പ്രസിഡണ്ട്) കൃതജ്ഞതയും പ്രകാശിപ്പിച്ചു.

**ഭാരവാഹികൾ**

1. റവ.ഫാ. ജോസഫ് വെള്ളമറ്റം (ഡയറക്ടർ)
2. ഏ.റ്റി. ജോസഫ് അത്യാലിൽ (പ്രസിഡണ്ട്)
3. വി.റ്റി ജേക്കബ് വാലുമ്മേൽ (വൈസ് പ്രസിഡണ്ട്)
4. പി.സി. ചാക്കോ പുളിയ്ക്കൽ (സെക്രട്ടറി)
5. ചെറുപുഷ്പം എമ്മാനുവൽ വാലുമ്മേൽ (ജോ. സെക്രട്ടറി)
6. തോമസ് ആന്റണി കുഴിയ്ക്കാട്ട് ( ട്രഷറർ)
7. എം.വി. വർഗീസ് മള്ളാത്ത് (കമ്മറ്റി മെമ്പർ)
8. റ്റി.എം. മാത്തുക്കുട്ടി തൊമ്മിത്താഴെ ,,
9. പി.എം. ജോൺ പന്തിരുവേലിൽ ,,
10. കെ.വി. മാത്യു കാച്ചപ്പള്ളി ,,
11. റ്റി.ജെ. ജോസ് തോട്ടത്തിൽ ,,
12. ത്രേസ്യാമ്മ തോമസ് അത്യാലിൽ ,,
13. റിത്താമ്മ ജോർജ് തോട്ടത്തിൽ ,,

ഇടവക അസോവ യൂണിറ്റിന്റെയും, സി.വൈ.എം.എ., മാതൃ

ദീപ്തി എന്നീ സംഘടനകളുടെയും സംയുക്ത ആഭിമുഖ്യത്തിൽ 18-4-17 ചൊവ്വാഴ്ച രാവിലെ നമ്മുടെ പാരിഷ് ഹാളിൽ ശ്രീമതി ആൻസി മാത്യു പാലാ 'ചക്ക വിഭവങ്ങളുടെ പാചക പരിശീലന ക്ലാസ്സ്' നടത്തി. ബഡ് ചെയ്ത പുതിയ ഇനം പ്ലാവിൻ തൈകളും, പാചക ഗ്രന്ഥങ്ങളും അന്നേ ദിവസം വിതരണം ചെയ്തു.

നമ്മുടെ ഇടവകയ്ക്ക് അസിസ്റ്റന്റ് വികാരിയായി പുതുതായി ലഭിച്ച കർമ്മ കുശലനായ ബഹു. ജോസഫ് അറയ്ക്കപ്പറമ്പിലച്ചന്റെ ഉപദേശങ്ങളും ക്രിയാത്മകമായ നിർദ്ദേശങ്ങളും ഉൾക്കൊണ്ടുകൊണ്ട് സംഘടന സജീവമായി പ്രവർത്തിച്ചുവരുന്നു.

*സെക്രട്ടറി*


## സാരഥി

1 സാരഥിയുടെ രണ്ട് യൂണിറ്റുകൾക്കുമായി നിയമവശങ്ങളെ കുറിച്ച് അഡ്വ.ബോബൻ മണ്ണാറാത്ത് ക്ലാസ്സെടുക്കുകയും സംശയങ്ങൾക്ക് മറുപടി പറയുകയും ചെയ്തു. ഫാദർ റോബിൻ പേണ്ടാനത്ത്, ഫാ. ജോസഫ് അറയ്ക്കപ്പറമ്പിൽ എന്നിവർ സംബന്ധിച്ചു.

2. ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി 17500 രൂപ നൽകി.

3. സാരഥിടെ അങ്കമാലിയിലുള്ള ഓഫീസിൽ നിന്നും ബ്രദർ ജോജോ, ബ്രദർ റെയ്ഹാൻ എന്നിവർ റോബിൻ പേണ്ടാനത്ത് അച്ചനോടൊപ്പം പൊൻകുന്നം യൂണിറ്റ് സന്ദർശിച്ചു.

4. സെമിനാരിയിൽ ചേരാൻ തീരുമാനിച്ച, ടോമി കുരിയങ്കിലിന്റെ മകൻ ദേവസ്യാച്ചന് സാരഥിയുടെ എല്ലാവിധ ആശംസകളും.



## സി. വൈ. എം. എ.

1 സംഘടനയുടെ വാർഷിക പൊതുയോഗം 2017 ജൂൺ 18-ാം തീയതി 7.00 പി.എം ന് അസംബ്ലി ഹാളിൽ നടത്തപ്പെടുന്നതാണ്.

***അജണ്ട***

1) 2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്, വാർഷിക റിപ്പോർട്ട്

എന്നിവ ചർച്ച ചെയ്യുക

2) 2017-18 വർഷത്തെ ഭാരവാഹികളെ തിരഞ്ഞെടുക്കുക

2. സി.വൈ.എം.എ നഴ്സറി സ്കൂൾ പ്രവർത്തനം 2017 ജൂൺ മാസം 1-ാം തീയതി മുതൽ പുതിയ കെട്ടിടത്തിൽ ആരംഭിക്കുന്നു. ഈ വർഷത്തെ അഡ്മിഷൻ 29-5-17 തിങ്കൾ മുതൽ ആരംഭിക്കുന്നു.

3. സംഘടനയുടെ ഉടമസ്ഥതയിലുള്ള വസ്തുവിലേക്ക് ചഒ 183 ൽ നിന്നും പ്രവേശിക്കുന്നതിനുള്ള വഴി സൗകര്യം ലഭിക്ക
ത്തക്ക വിധത്തിൽ ആവശ്യമായ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായി.

*ജന. സെക്രട്ടറി, സി.വൈ.എം.എ*



## തിരുസ്സഭയിലെ നവസൂനങ്ങൾ

1. ചാക്കോ ഇലവുങ്കൽ
2. ജോസഫ് തെക്കയിൽ
3. അലക്സ് അത്തിയാലിൽ
4. ജോസഫ് കിളിരൂപ്പറമ്പിൽ
5. ആൻ കുന്നേൽ
6. ജേക്കബ് കോയിപ്പുറത്ത്
7. വിൻസെന്റ് കുരീക്കാട്ട്
8. ആൻ മരിയ മുഹാലയിൽ
9. അൽഫോൻസ കോടികാട്ട്
10. അന്ന ചക്കാലയ്ക്കൽ
11. ഫ്രാൻസിസ് ചൂണ്ടച്ചേരിൽ
12. അന്ന കുടുക്കാംതടത്തിൽ
13. അന്നമ്മ വെട്ടിക്കൽ
14. തോമസ് തെക്കേക്കുറ്റ്
15. എലിസബത്ത് മേൽവെട്ടം



## നമ്മൾ ഒന്നായി

1. നിക്സൺ - ഢീനാ പൂലാനിമറ്റത്തിൽ
2. ഷിജുമോൻ - ബിനി പുതുപ്പറമ്പിൽ
3. അമൽ - അഞ്ജന വട്ടക്കുന്നേൽ
4. റ്റോണി - നീതു പുതുപ്പള്ളാത്ത്

## ഓർമ്മകളിലേയ്ക്ക്

1. ജോസഫ് ചക്കാലയ്ക്കൽ
2. മറിയം കുമ്പളപ്പള്ളിൽ
3. അന്നമ്മ തോമസ് തീമ്പലങ്ങാട്ട്
4. സിസിലിയാമ്മ കണയംപ്ലാക്കൽ

# നിയമബോധനം

അത്യാവശ്യം അറിഞ്ഞിരിക്കേണ്ട നിയമങ്ങൾ

**ബോബൻ മണ്ണാറാത്ത്**

അഡ്വക്കേറ്റ് & നോട്ടറി പബ്ലിക്ക്, പൊൻകുന്നം. 9447 525 615

## കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷനിലൂടെ നമുക്കു ലഭിക്കുന്ന/ സഹായപദ്ധതികൾ

നിയമങ്ങൾ പ്രയോഗത്തിൽ വരുത്തുമ്പോഴാണ് അവക്ക് ജീവനുണ്ടാകുന്നത്. വൈകിയും വളച്ചൊടിച്ചും ലഭിക്കുന്ന നീതിയാവട്ടെ ഏറ്റവും വലിയ അനീതിയും. ഭരണഘടന വിഭാവന ചെയ്ത അവകാശങ്ങൾ പലതും വൈകി ലഭിച്ച വിഭാഗമാണ്. ന്യൂനപക്ഷങ്ങൾ സമൂഹത്തിലെ പാർശവത്കൃതരും പിന്നോക്കം നിൽക്കുന്നവരുമായ ജനവിഭാഗത്തെ മുഖ്യധാരയിലെത്തിക്കുന്നതിനായി 2014 ൽ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ രൂപീകരിക്കുകയും ന്യൂനപക്ഷങ്ങളുടെ സമഗ്രമായ വിദ്യാഭ്യാസപുരോഗതിക്കും ക്ഷേമത്തിനും, സംരക്ഷണത്തിനും, ശാക്തീകരണത്തിനും വേണ്ടി ഒരു സംസ്ഥാന കമ്മീഷൻ രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ, അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കുംവേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള ആക്ട് 2013 മെയ് മാസത്തിൽ നിലവിൽ വന്നിട്ടുള്ളതുമാണ്.

ഈ ആക്ടിൻപ്രകാരം സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ന്യൂനപക്ഷ സമുദായത്തിൽപ്പെട്ടതും നിയമപരിജ്ഞാനവുമുള്ള ഒരു ചെയർപേഴ്സനും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന സംസ്ഥാനത്തെ മറ്റൊരു ന്യൂനപക്ഷ സമുദായത്തിൽപ്പെട്ടതും ന്യൂനപക്ഷവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ അറിവുള്ളയാളുമായ ഒരംഗവും അതേ യോഗ്യതകളുള്ളതും അത്തരം കാര്യങ്ങളിൽ പ്രവർത്തനമികവ് തെളിയിച്ചിട്ടുള്ളതുമായ ഒരു വനിതയും മെമ്പർ സെക്രട്ടറിയും അംഗങ്ങളായ ന്യൂനപക്ഷ കമ്മീഷന് സംസ്ഥാനത്തിന്റെ ഏതു ഭാഗത്തുനിന്നും ഏതൊരാളെയും വിളിച്ചു വരുത്തുന്നതിനും സത്യ പ്രതിജ്ഞയിന്മേൽ അയാളെ വിസ്തരിക്കുന്നതിനും ഏതെങ്കിലും കോടതിയിൽ നിന്നോ ആഫീസുകളിൽ നിന്നോ മറ്റു സ്ഥാപനങ്ങളിൽ നിന്നോ ഏതെങ്കിലും പൊതുരേഖയോ, അതിന്റെ പകർപ്പോ ആവശ്യപ്പെടുന്നതിനും കമ്മീഷന്റെ അന്വേഷണത്തിന്റെ വിഷയത്തിന് ആസ്പദമായതോ പ്രസക്തമായതോ ആയ ഏതെങ്കിലും കാര്യമോ വിഷയമോ സംബന്ധിച്ച് വിവരം നൽകുന്നതിന് ഏതൊരു വ്യക്തിയോടും ആവശ്യപ്പെടുവാൻ കമ്മീഷന് അധികാരമുണ്ട്.

കൂടാതെ ന്യൂനപക്ഷ കമ്മീഷന് സംസ്ഥാന സർക്കാരിന്റെ ഏതൊരു ഉദ്യോഗസ്ഥന്റെയോ അന്വേഷണ ഏജൻസിയുടെയോ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്.

**ന്യൂനപക്ഷ സമുദായങ്ങൾ**

മുസ്ലിം, ക്യസ്ത്യൻ, സിക്ക്, ബുദ്ധിസ്റ്റ്, പാർസി, ജൈനമതം എന്നിവയാണ് ന്യൂനപക്ഷ സമുദായങ്ങൾ. സംസ്ഥാനത്ത് ന്യൂനപക്ഷങ്ങളുടെ വികസനത്തിലുണ്ടായിട്ടുള്ള പുരോഗതി വിലയിരുന്നതിനും, ന്യൂനപക്ഷങ്ങൾക്ക് സാമൂഹികവും, സാമ്പത്തികവും, വിദ്യാഭ്യാസപരവും ഭാഷാപരവുമായ അവകാശങ്ങളും, സംരക്ഷണ വ്യവസ്ഥകളും ആനുകൂല്യങ്ങളും നഷ്ടപ്പെടുത്തുന്നതിനേകുറിച്ചുള്ള പ്രത്യേക പരാതികളിന്മേൽ കമ്മീഷൻ അന്വേഷണം നടത്തുകയും തെളിവെടുപ്പു നടത്തുകയും പരിഹാര നടപടികൾ നിർദ്ദേശിക്കുന്നതുമാണ്.

**പരാതി സമർപ്പിക്കേണ്ട വിധം**

ന്യൂനപക്ഷങ്ങളെ/ ന്യൂനപക്ഷ സ്ഥാപനങ്ങളെ/ന്യൂനപക്ഷ സമുദയാംഗങ്ങളെ ബാധിക്കുന്ന ഏതൊരു വിഷയത്തെ കുറിച്ചും അവകാശനിഷേധത്തെ കുറിച്ചും ആർക്കും കമ്മീഷനിൽ പരാതിപ്പെടാവുന്നതാണ്. വെള്ളപേപ്പറിൽ തയ്യാറാക്കിയ പരാതി തപാൽ മാർഗ്ഗമേ കമ്മീഷൻ സിറ്റിംഗ് നടത്തുന്ന സ്ഥലങ്ങളിൽ കമ്മീഷൻ അംഗങ്ങൾക്കു നേരിട്ടോ തിരുവനന്തപുരത്തെ ആഫീസിൽ നേരിട്ടോ സമർപ്പിക്കാവുന്നതാണ്. പരാതി സമർപ്പിക്കുന്നതിന് ഫീസില്ല. പരാതിയിൽ പരിഹാരം കാണേണ്ട വിഷയം, ഏത് അധികാര/സ്ഥാപനമാണ് പരിഹാര നടപടികൾ സ്വീകരിക്കേണ്ടത് എന്നിവ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. പരാതിക്കാരന്റെയും എതൃകക്ഷികളുടെയും പേരും പൂർണ്ണമായ വിലാസവും പിൻകോഡും ലഭ്യമെങ്കിൽ മൊബൈൽ ഫോൺ/ലാന്റ് ഫോൺ നമ്പരും രേഖപ്പെടുത്തണം. പരാതി സംഗതിയുമായി ബന്ധപ്പെട്ട രേഖകളുടെ പകർപ്പുകൾ എതൃകക്ഷികളുടെ എണ്ണത്തിന് അനുസൃതമായ ഹർജി പകർപ്പുകൾ എന്നിവ കൂടി പരാതിയോടൊപ്പം നൽകേണ്ടതാണ്. പരാതികൾ സമർപ്പിക്കുന്നതിനും കൂടുതൽ വിവരങ്ങൾ അന്വേഷിക്കുന്നതിനുമായി 0471- 2315133, 2315122, 2317122, 2316122 എന്നീ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്. Fax No.0471-2319122, email kscminorities @ gmail.com. വ്യാജപേരിലും വിലാസത്തിലും ഉള്ളതും,

ശരിയായ വിലാസവും പേരും ഒപ്പും ഇല്ലാത്തതും അവ്യക്തവും ഗൗരവസ്വഭാവമില്ലാത്തതുമായുള്ള പരാതികൾ, മറ്റാർക്കെങ്കിലും അയച്ച പരാതിയുടെ പകർപ്പുകൾ ന്യൂനപക്ഷങ്ങളുമായോ ന്യൂനപക്ഷസ്ഥാപനങ്ങളുമായോ ബന്ധമില്ലാത്ത വിഷയങ്ങൾ അടങ്ങിയ പരാതികൾ സ്വീകരിക്കുന്നതല്ല. അതുപോലെ തന്നെ ഏതെങ്കിലും കോടതികളുടെയോ അർദ്ധ ജുഡിഷ്യൽ സ്ഥാപനങ്ങളുടെയോ പരിഗണനയിൽ ഇരുന്നുവരുന്ന വിഷയങ്ങളും കാലഹരണദോഷമുള്ള വിഷയങ്ങളിലുമുള്ള പരാതികളും സ്വീകരിക്കുകയില്ല.

**പരാതികൾ അയക്കേണ്ട വിലാസം**

രജിസ്ട്രാർ, കേരളസംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ
ആജ്ഞനേയ റ്റി.സി. 9/1023(2) ശാസ്തമംഗലം
തിരുവനന്തപുരം - 695010.

1992 ലെ നാഷണൽ കമ്മീഷൻ ഫോർ മൈനോറിറ്റീസ് ആക്ട് പ്രകാരം ദേശീയ ന്യൂനപക്ഷ കമ്മീഷൻ നിലവിലുള്ളതും ന്യൂനപക്ഷങ്ങളെയും ന്യൂനപക്ഷ സ്ഥാപനങ്ങളെയും ബാധിക്കുന്നതും മറ്റെല്ലാ പരിഹാര മാർഗ്ഗങ്ങളെ സമീപിച്ചിട്ടും പരിഹാരം ലഭിക്കാത്തതുമായ വിഷയങ്ങളെ സംബന്ധിച്ച് ദേശീയ ന്യൂനപക്ഷ കമ്മീഷന് പരാതിപ്പെടാവുന്നതാണ് അഡ്രസ് National Minorites Commission , 5th floor, Lok Nayak Bhavan, New Delhi 110003.

**<u>വിവിധ ക്ഷേമപദ്ധതികൾ</u>**

വിധവകളും വിവാഹബന്ധം വേർപ്പെടുത്തിയവരും ഉപേക്ഷിക്കപ്പെട്ടവരുമായ ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്ക് 2 ലക്ഷം രൂപ തിരിച്ചടക്കേണ്ടില്ലാത്ത സഹായ പദ്ധതിക്ക് തിരുവന്തപുരത്ത് വികാസ് ഭവനിന്റെ നാലാം നിലയിൽ പ്രവർത്തിക്കുന്ന ന്യൂനപക്ഷ ക്ഷേമഡയറക്ടറേറ്റുമായി ബന്ധപ്പെടാവുന്നതാണ്. 20% സീറ്റുകൾ ക്രിസ്ത്യൻ വിഭാഗത്തിൽപ്പെടുന്നവർക്കായി സംവരണം ചെയ്തിട്ടുള്ള കരിയർ ഗൈഡൻസ് പരിശീലന പദ്ധതിയിൽ എസ്.എസ്.എൽ.സി., +2, വൊക്കേഷണൽ ഹയർസെക്കൻഡറി എന്നീ കോഴ്സുകൾക്കു പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അവരുടെ അഭിരുചിക്കനുസരിച്ച് ഉത്തമപഠന കോഴ്സുകൾ തെരഞ്ഞെടുക്കുന്നതിനുള്ള പരിശീലനം ലഭ്യമാകുന്നു. (ഇക്കാര്യത്തിൽ കൂടുതൽ വിവരങ്ങൾ കോട്ടയം ജില്ല കളക്ട്രേറ്റിൽ പ്രവർത്തിക്കുന്ന

ന്യൂനപക്ഷക്ഷേമസെല്ലിൽ നിന്നും ലഭിക്കുന്നതാണ്. ഫോൺ 0481- 2562201, 2563425)

ഗ്രാമങ്ങളിൽ 81,000/- രൂപയും, നഗരങ്ങളിൽ 103000/- രൂപയിലും താഴെ വരുമാനപരിധിയുള്ള ന്യൂനപക്ഷങ്ങളിലെ ദുർബലവിഭാഗങ്ങൾക്ക് കുറഞ്ഞ പലിശ നിരക്കിൽ കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പേറേഷൻ (KSMDFC) വഴി വായ്പ ലഭ്യമാണ്. **അഡ്രസ് Kurdfc Building ചക്കോരത്തുകുളം വെസ്റ്റ്ഹിൽ പി.ഒ, നടക്കാവ് കോഴിക്കോട് 673005**, സ്വയം തൊഴിൽ സംരംഭത്തിന് വായ്പയായി 2 മുതൽ 6% വരെ പലിശ നിരക്കിൽ 10 ലക്ഷം രൂപവരെയും, ബിസിനസ്സ് വിപുലീകരണത്തിന് 7% നിരക്കിൽ 5 ലക്ഷം രൂപവരെയും, വിദേശ നാടുകളിൽ ജോലി നേടുന്നതിന് വിസാവായ്പയായി 5% നിരക്കിൽ 3 ലക്ഷം രൂപ വരെയും, പ്രൊഫഷണൽ / ടെക്നിക്കൽ കോഴ്സുകളിൽ ചേരുവാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് 3% പലിശ നിരക്കിൽ സ്വദേശത്തു പഠിക്കുവാൻ 7.5 ലക്ഷം രൂപയും, വിദേശത്തു പഠിക്കുവാൻ 20 ലക്ഷം രൂപയും, ഈ സ്ഥാപനത്തിലൂടെ വായ്പ ലഭിക്കും അതുപോലെ തന്നെ കുട്ടികളുടെ വിദ്യാഭ്യാസത്തിനായി രക്ഷിതാക്കൾക്ക് വരുമാനപരിധിയില്ലാതെ 7% പലിശ നിരക്കിൽ 5 ലക്ഷം രൂപ വരെ വായ്പ ലഭിക്കുന്നതാണ്.

കുടുംബശ്രീ അയൽകൂട്ടങ്ങൾ വഴി ഏറ്റവും ദരിദ്രരായവർക്ക് ചെറുകിട സംരംഭങ്ങളിലോ തൊഴിലുകളിലോ ഏർപ്പെടുന്നതിനുവേണ്ടി സർക്കാരേതര സന്നദ്ധ സംഘടനകൾ വഴി 2% പലിശ നിരക്കിൽ 2.5 ലക്ഷം രൂപ വരെ നൽകുന്നതിനും, കേന്ദ്ര/സംസ്ഥാന/സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്ക് മക്കളുടെ പ്രൊഫഷണൽ വിദ്യാഭ്യാസം പെൺമക്കളുടെ വിവാഹം കുടുംബാംഗങ്ങളുടെ ചികിത്സാചിലവ്, വീട് പുനരുദ്ധാരണം സ്വന്തം ആവശ്യത്തിന് വാഹനം വാങ്ങുക തുടങ്ങിയ ആവശ്യങ്ങൾക്കും 7% പലിശ നിരക്കിൽ 3 ലക്ഷം രൂപ വരെയും വായ്പ ലഭിക്കും.

കോട്ടയത്ത് നാഗമ്പടത്ത് പ്രവർത്തിക്കുന്ന കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസനകോർപ്പറേഷൻ വഴി നടപ്പിലാക്കിവരുന്ന സംസ്ഥാന വായ്പ പദ്ധതികളുടെയും, സ്കൂൾ, കോളേജ് തലങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് ലഭ്യമാവുന്ന സ്കോളർഷിപ്പുകളുടെയും വിവരങ്ങൾ അടുത്ത ലക്കത്തിൽ പ്രസിദ്ധീകരിക്കുന്നതാണ്.



## സ്നേഹ സ്മരണയ്ക്ക്

3-ാം ചരമവാർഷികം

# ബിജോയ് വാതല്ലൂർ
# പൊൻകുന്നം

**Died : 07-05-2014**

ഞാൻ നിങ്ങളിൽനിന്ന് അകന്നുപോകുന്നുവെങ്കിലും
എന്റെ സ്നേഹം എന്നും നിങ്ങളോടുകൂടെ ഉണ്ടായിരിക്കും.
സ്വർഗ്ഗരാജ്യത്തിൽ നാം ഒരുമിക്കുന്നതുവരെ നിങ്ങൾ
എനിക്കുവേണ്ടി പ്രാർത്ഥിക്കണമേ...

## +2 പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും A+ നേടിയ



ജസ്വിൻ റ്റോം ജോസഫ്
മൂക്കിലിക്കാട്ട്



അൽക്ക ജോബി ഈപ്പൻ
വടക്കയിൽ

## S.S.L.C പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും A+ നേടിയ



ഡിജിൻ ഡോമിനിക്
വലിയ കരോട്ട്



നന്ദ തോമസ്
കുരീക്കാട്ട്



ക്രിസ് തോമസ്
കൊച്ചുപൂവത്തുംമൂട്ടിൽ

## സൺഡേ സ്കൂൾ സ്കോളർഷിപ്പ് പരീക്ഷയിൽ വിജയികളായ



മരിയ പയസ്
തോട്ടുചാലിൽ



അന്ന മാത്യു
പന്തിരുവേലിൽ



മരിയ മാത്യു
പന്തിരുവേലിൽ

അഭിനന്ദനങ്ങൾ


Ajay V Joseph B.Tech, M.Tech
Civil Engineering
Structural Engineering & Construction Mgt.
Licensed A-Grade Civil/Structural Engineer
Email: ajayvattakkattu@gmail.com
Vattakkattu
Constructions
Architects | Engineers | Builders | Developers
Building Permits
Plan, Estimate
Contracting
Interior Design
Structural Design
Architectural Design
Near RT Office, PP Road, Ponkunnam
Ph: 04828 221822, 9895222153
Near Kurisumkal Junction, KK Road, Kanjirappally
Ph: 8281525651, 8592053383